പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 32      04.02.2013 ൽ മറുപടിക്ക്

## വിവിധ വിദേശ രാജ്യങ്ങളിലെ തടവറകളിൽ ജയിൽ വാസം അനുഭവിക്കുന്ന മലയാളികളുടെ കണക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിവിധ വിദേശ രാജ്യങ്ങളിലെ തടവറകളിൽ ജയിൽ വാസം അനുഭവിക്കുന്ന മലയാളികളുടെ കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ;<br>(ബി) ഓരോ രാജ്യത്തും എത്ര മലയാളികൾ വീതം ജയിൽ വാസം അനുഭവിക്കുന്നു എന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | വിദേശരാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല. ആയതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. എന്നാൽ ശ്രീലങ്കയിൽ ആറും മാലിദ്വീപിൽ ഒൻപതും മലയാളികൾ ജയിൽ വാസം അനുഭവിക്കുന്നതായി സർക്കാരിനു വിവരം ലഭിച്ചിട്ടുണ്ട്. |
| (സി) ഇങ്ങനെ തടവിലാക്കപ്പെട്ടവരുടെ മോചനത്തിനായി ഇതുവരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികളെന്തൊക്കെയെന്നും വിശദമാക്കാമോ; | (സി) | വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്. വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റ് നിയമ പ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേ |

ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് നോർക്ക വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നോർക്ക വകുപ്പിൽ നിന്നും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശം ലഭിച്ചുകഴിഞ്ഞാൽ എംബസി തുടർനടപടികൾ സ്വീകരിച്ച് അവരെ മോചിപ്പിച്ച് വരികയാണ് ചെയ്യുന്നത്. ആവശ്യമെങ്കിൽ അധികവിവരങ്ങൾ അവർ നോർക്ക വകുപ്പിൽ നിന്നും വാങ്ങാറുണ്ട്. ശ്രീലങ്കൻ ജയിലിൽ തടവ് ശിക്ഷ അനുഭവിക്കുന്ന സംസ്ഥാനത്ത് നിന്നുള്ള ആറ് പേരെ കേന്ദ്ര സർക്കാരും ശ്രീലങ്കൻ സർക്കാരും തമ്മിൽ ഒപ്പുവച്ച 2003 ലെ Repatriation of Prisoners Act ന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ജയിലുകളിലേക്ക് മാറ്റുന്നതിനായി 22.01.2013 തീയതിയിലെ സ.ഉ. (സാധാ) നം. 167/2013/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം നടപടിയായിട്ടുണ്ട്. മാലിദ്വീപിലെ ജയിലുകളിൽ കഴിയുന്ന മലയാളികളായ തടവുകാരെയും കേരളത്തിലെ ജയിലുകളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർ ഇടപെടലിന്റെ ഫലമായി ഇതുവരെ എത്ര പേരെ മോചിപ്പിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ;

മോചനം സാധ്യമാക്കിയതിനുശേഷം പലപ്പോഴും സർക്കാരിനെ ഔദ്യോഗികമായി എംബസിയോ മോചിക്കപ്പെട്ട പ്രവാസിയോ അറിയിക്കാറില്ല എന്നതിനാൽ ഇപ്രകാരം മോചിതരായവരുടെ കൃത്യമായ കണക്ക് ഈ സർക്കാരിൽ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ